(എ) തിരുവനന്തപുരം, കാട്ടാക്കട, പത്തനംതിട്ട എന്നീ ജില്ല ട്രഷറികൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറ്റു ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധസാമഗ്രികളും വാങ്ങുന്നതിനായി ടെണ്ടർ വിളിച്ച് അവ പരിശോധിച്ചുവരുന്നു.

(ബി) റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) വിദഗ്ദ്ധ സമിതി കെൽട്രോണിന്റെ പ്രൊപ്പോസൽ അംഗീകരിക്കാൻ ശുപാർശ ചെയ്തു.

(ഡി) ഉണ്ട്.

(ഇ) ശുപാർശകൾ നടപ്പിലാക്കാൻ ട്രഷറി നെറ്റ് വർക്ക് സംബന്ധമായ ജോലികൾ കെൽട്രോണിനെയും ഐ.ബി.എം.നേയും ഏൽപ്പിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി ബസ് ഡിപ്പോകളിൽ ജനകീയ ഉപദേശക സമിതികൾ

22 (*232)പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളിൽ ജനകീയ ഉപദേശക സമിതികൾ രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവയുടെ ഘടന വ്യക്തമാക്കുമോ;

(സി) സമിതിയുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണ്;

(ഡി) ഇവയുടെ ഉദ്ദേശം ബന്ധപ്പെട്ട ഡിപ്പോകൾ പാലിക്കുവാൻ ബാദ്ധ്യസ്ഥമാണോ; വിശദീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഹരിത ഗ്രൂപ്പുകൾ

23 (*233)ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പാദനം മെച്ചപ്പെടുത്തുന്നതിനുമായി ഓരോ കൃഷിഭവന്റെയും കീഴിൽ ഇരുപത് അംഗങ്ങളോടുകൂടിയ 'ഹരിത ഗ്രൂപ്പുകൾ' സംഘടിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly